8. Wagner, Richard. *Screenwriting: The Art, Craft and Business of Film* and *Television Writing*. A Plume Book: New York, 1988.
9. Dancyger, Ken and Jeff Rush. *Alternative Scriptwriting: Writing Beyond the Rules*, Focal Press: New Delhi, Tokyo,1995.
10. Davis, Joel. *Mapping The Mind*: The Secrets of the Human Brain and How it Works Birch Lan Press: 1997.
11. D'Vari, Marisa. Script Magic: *Subconscious Techniques to Conquer Writer's Block*. Michael Wiese Productions: Studio City, 2000.
12. Field, Syd. *Screenplay The Foundations of Screenwriting*, Dell publishing New York, 1982.
13. ……… The *Screenwriter's Workbook*. Dell Publishing Company : New York, 1984.
14. Frensham, Raymond G. *Screenwriting : Teach Yourself*. Modder &Stoughton: England, 1996.
15. Goldman, William. *Adventures in the Screen Trade*, Warner Books: New York, 1983.
16. Miller, William. *Screenwriting for Narrative Film and Television*.Mastings House: New York, 1980.

| **Teaching and Learning Approach** | **Classroom Procedure (Mode of transaction)**<br>Direct Instruction: |
|---|---|
| **Assessment Type** | **Mode of Assessment**<br>1. Continuous Internal Assessment (CIA)<br>2. Internal Test<br>3. Review Literature / Assignment<br>4. Seminar Presentation<br>5. End Semester examination |

**Course outcome: At the end of the course the student will be able to**

| CO | CO Statement | PO | PSO | CL | KC | Lecture/ Tutorial Hrs. |
|---|---|---|---|---|---|---|
| CO1 | തിരക്കഥയുടെ പൊതുസ്വഭാവം വിലയിരുത്തുന്നു. | 2 | 1,3 | U | F | 8 |
| CO2 | തിരക്കഥയുടെ കാലിക പ്രസക്തി മനസ്സിലാക്കുന്നു. | 2,3 | 1,3 | U, An | F | 8 |
| CO3 | തിരക്കഥയുടെ ഘടന മനസ്സിലാക്കുന്നു. | 2,3 | 1,3 | U, An | F,C | 8 |
| CO4 | തിരക്കഥയുടെ രചനയ്ക്ക് ആശയം സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നു. | 1,3 | 1,2 | U | F,C | 6 |
| CO5 | തിരക്കഥാരചനയുടെ രീതി മനസ്സിലാക്കുന്നു. | 2,3 | 1,3 | U | F,C | 8 |
| CO6 | തിരക്കഥയും അതിൽനിന്ന് രൂപീകരിക്കുന്ന സിനിമയും തമ്മിലുള്ള ബന്ധം പരിചയപ്പെടുത്തുന്നു. | 1,2 | 1,3 | U | F,C | 8 |
| CO7 | ഓരോ കാലഘട്ടത്തിന്റെയും സംസ്കാരം തിരക്കഥയിൽ ചെലുത്തുന്ന മാറ്റത്തെപ്പറ്റി മനസ്സിലാക്കുന്നു. | 1,2 | 1,3 | U, An | F,C | 7 |
| CO8 | മലയാള തിരക്കഥയുടെയും സിനിമയുടെയും പൊതുസ്വഭാവം മനസ്സിലാക്കുന്നു. | 3 | 1,3 | U, An | F,C | 6 |
| CO9 | സാഹിത്യമെന്ന നിലയിൽ തിരക്കഥയുടെ സ്വഭാവം മനസിലാക്കുന്നു. | 3 | 1,3 | U, An | F,C | 6 |
| CO10 | തിരക്കഥാവായനയുടെ വിവിധ രീതികൾ പരിചയപ്പെടുന്നു. | 2,3 | 1,3 | U, An | F,C | 7 |

| | |
|---|---|
| | **MAHATMA GANDHI UNIVERSITY** |
| | **Name of course : മാധ്യമപഠനം** |

**School Name** : School of Letters

**Programme** : M.A. Malayalam

**Course Name** : മാധ്യമപഠനം

**Type of Course** : Elective

**Course Code** : **LEM21E92**

**Names of Academic Staff & Qualifications : Dr. Jose K. Manuel, M.A., Ph.D.**

**Course Summary & Justification:** ബഹുജനമാധ്യമങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. അച്ചടി, റിക്കാർഡിങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നീ ബഹുജനമാധ്യമങ്ങൾ ഓരോകാലത്തും ആശയവിനിമയ രീതിയിലും ജ്ഞാനോത്പാദന വിനിമയത്തിലും ചെലുത്തിയ സ്വാധീനം വിലമതിക്കേണ്ടതാണ്. മാധ്യമത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഭാഷകൾ പരിവർത്തനപ്പെടുന്നതും സംസ്കാരങ്ങൾ രൂപപ്പെട്ടുവരുന്നതും ശ്രദ്ധേയമാണ്. സമൂഹത്തിൽ നവോത്ഥാനം ശക്തിപ്പെടുത്തിയതും ആധുനികത, ഉത്തരാധുനികത, സൈബർ ആധുനികത എന്നീ സാമൂഹികവും സാംസ്കാരികവുമായ അന്തരീക്ഷം ക്രമത്തിൽ രൂപീകരിച്ചതും ബഹുജന മാധ്യമങ്ങൾ തന്നെയാണ്. ഈ വഴിക്കുള്ള പര്യാലോചനകളും ആശയരൂപീകരണവുമാണ് ഈ കോഴ്സിലൂടെ ലക്ഷ്യമിടുന്നത്.

| **Total Student LearningTime (SLT)** | Learning Approach | Lecture | Tutorial | Practical | Others | Total Learning Hours |
|---|---|---|---|---|---|---|
| | Analytical<br>Theoretical<br>Interpretive<br>Evaluative<br>Critical | 54 | 18 | - | - | 72 |

# മാധ്യമപഠനം

**ആമുഖം**

ബഹുജന മാധ്യമങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. അച്ചടി, റിക്കാർഡിങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നീ ബഹുജനമാധ്യമങ്ങൾ ഓരോകാലത്തും ആശയവിനിമയ രീതിയിലും ജ്ഞാനോത്പാദന വിനിമയത്തിലും ചെലുത്തിയ സ്വാധീനം വിലമതിക്കേണ്ടതാണ്. മാധ്യമത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഭാഷകൾ പരിവർത്തനപ്പെടുന്നതും സംസ്കാരങ്ങൾ രൂപപ്പെട്ടുവരുന്നതും ശ്രദ്ധേയമാണ്. സമൂഹത്തിൽ നവോത്ഥാനം ശക്തിപ്പെടുത്തിയതും ആധുനികത, ഉത്തരാധുനികത, സൈബർ ആധുനികത എന്നീ സാമൂഹികവും സാംസ്കാരികവുമായ അന്തരീക്ഷം ക്രമത്തിൽ രൂപീകരിച്ചതും ബഹുജന മാധ്യമങ്ങൾ തന്നെയാണ്. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും വരവോടെയാണ് പരസ്പരാശയവിനിമയമെന്ന അവസ്ഥ സംജാതമായത്. അതുവരെയുള്ള മാധ്യമങ്ങൾ ആശയങ്ങൾ അവതരിപ്പിക്കുക മാത്രമാണ് ചെയ്തിരുന്നത്. ആശയരൂപീകരണത്തിലും വിനിമയത്തിലും മാധ്യമങ്ങൾകൂടി പങ്കാളികളായതോടെ ഭാഷയുടെ സ്വഭാവത്തിനും വിനിമയ രീതികൾക്കും കാതലായ മാറ്റം സംഭവിച്ചു. സ്മാർട്ട് ഫോണുകൾ എല്ലാമാധ്യമങ്ങളെയും ഉൾക്കൊള്ളുന്നതും ഓരോ വ്യക്തിയുടെയും ഓർമയുടെയും ബുദ്ധിയുടെയും ഭാഗമായി പ്രവർത്തിക്കുകകൂടി ചെയ്യുന്ന മാധ്യമമാണ്. മൊബൈൽ ഫോണിനെ മാറ്റി നിർത്തിക്കൊണ്ട് വർത്തമാനകാല ഭാഷ, സാഹിത്യം, സംസ്കാരം തുടങ്ങിയവയെപ്പറ്റി ചിന്തിക്കാനാവില്ല.

**<u>യൂണിറ്റ് 1</u>**

അച്ചടി, റിക്കാർഡിങ്, സിനിമ, റേഡിയോ, എന്നീ ആദ്യകാല മാധ്യമങ്ങളെയാണ് ഈ മൊഡ്യൂളിൽ പഠനവിധേയമാക്കുന്നത്. അച്ചടിയുടെ ആവിർഭാവം ലോകചരിത്രത്തിലെ ഏറ്റവും വലിയ സംഭവങ്ങളിലൊന്നായിരുന്നു. അറിവിനെ ശേഖരിച്ചുവയ്ക്കാനും ബഹുസമൂഹങ്ങളിലേയ്ക്ക് എത്തിച്ചുകൊടുക്കുവാനും അച്ചടിച്ച പാഠങ്ങൾക്ക് കഴിയുന്നു. റിക്കാർഡിങ് ശബ്ദത്തെ അഥവാ ഭാഷയെ ശേഖരിച്ചു വയ്ക്കുകയായിരുന്നെങ്കിൽ റേഡിയോ അവയെ സമൂഹങ്ങളിലേക്ക് എത്തിക്കുകയായിരുന്നു. സിനിമയുടെ വരവോടെയാണ് ചലനാത്മകമായ ദൃശ്യങ്ങളുടെ രേഖപ്പെടുത്തലും പ്രദർശനവും സാധ്യമായത്. ഈ മാധ്യമങ്ങളുടെ പ്രവർത്തനമാണ് നവോത്ഥാനത്തിനും തുടർന്ന് ആധുനികതയ്ക്കും കാരണമായത്.

1.1 അച്ചടി, റിക്കാർഡിങ്, റേഡിയോ- ആവിർഭാവം, ചരിത്രം, വളർച്ച.

1.2 പത്രമാസികകളും അറിവിന്റെ വ്യാപനവും - വ്യവസായസമൂഹം.

1.3 അച്ചടി, റേഡിയോ, സിനിമ എന്നീ മാധ്യമങ്ങൾ കേരളീയ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം.

1.4 ആധുനികതയുടെ പശ്ചാത്തലം, സൈദ്ധാന്തികർ, കേരളത്തിൽ സംഭവിച്ച ആധുനികത, കേരളത്തിലെ സൈദ്ധാന്തികർ, കലയിലും സാഹിത്യത്തിലും സംഭവിച്ച മാറ്റങ്ങൾ.

**അനുബന്ധ വായന**

വൃത്താന്ത പത്രപ്രവർത്തനം - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
അ ലോകം മുതൽ ഇ ലോകം വരെ - ജെ.വി. വിളനിലം
ഫിലിം ഡയറക്ഷൻ - സാജൻ തെരുവപ്പുഴ
എന്താണ് ആധുനികത - എം. മുകുന്ദൻ

**<u>യൂണിറ്റ് 2</u>**

ടെലിവിഷനും കംപ്യൂട്ടറും സമൂഹത്തിൽ ചെലുത്തിയ സ്വാധീനം നിർണ്ണായകമാണ്. ദൃശ്യാത്മകമായി വസ്തുതകൾ അവതരിപ്പിക്കാൻ കഴിഞ്ഞതോടെ ഭാഷയെപറ്റിയുള്ള പുത്തൻ അറിവുകൾ സാധ്യമായി. കംപ്യൂട്ടറിലേയ്ക്ക് ഇന്റർനെറ്റ് എത്തിയതോടെ സ്ഥലം, കാലം, സമയം തുടങ്ങിയ അവസ്ഥകളെപറ്റിയുള്ള പുനരവലോകനം സജീവമായി. പ്രതീതിയാഥാർത്ഥ്യത്തിന്റെ ലോകം പുതിയൊരു

ന്തരീക്ഷം രൂപീകരിച്ചു.

2.1 ടെലിവിഷൻ – ആവിർഭാവം, വികാസം, ചരിത്രം, വളർച്ച

2.2 കേരളത്തിലെ ടെലിവിഷന്റെ ചരിത്രം, ചാനലുകൾ, വാർത്തകൾ, റിയാലിറ്റിഷോ, നർമ്മം, സീരിയൽ, നൃത്തം, സംഗീതം, പരസ്യങ്ങൾ.

2.3 കംപ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും കേരളത്തിലേക്കുള്ള വരവ്, ആഗോളവത്ക്കരണം, വിപണിസ്വഭാവം.

2.4 ഉത്തരാധുനികതയുടെ പശ്ചാത്തലം, സൈദ്ധാന്തികർ, കേരളത്തിൽ സംഭവിച്ച ഉത്തരാധുനികത,കേരളത്തിലെ ഉത്തരാധുനിക സൈദ്ധാന്തികർ, സാഹിത്യത്തിലും കലയിലും സംഭവിച്ച മാറ്റങ്ങൾ.

**അനുബന്ധവായന**

മലയാള ടെലിവിഷൻ ചരിത്രം – ടി.കെ. സന്തോഷ് കുമാർ

ടെലിവിഷനും സമൂഹവും - കെ. കുഞ്ഞികൃഷ്ണൻ

ആധുനികോത്തരം: വികലനവും വിമർശനവും - വി.സി. ശ്രീജൻ

## യൂണിറ്റ് 3

ഇന്റർനെറ്റും മൊബൈൽ ഫോണും ആഗോളസമൂഹത്തെ ശക്തമായി സ്വാധീനിക്കുന്ന കാലമാണിത്. ഓരോ വ്യക്തിയും നെറ്റിസൺ എന്ന വിപുലമായ തലത്തിലെത്തി. സൈബർ സ്പെയ്സ് സമാനതകളില്ലാത്ത ഒരിടമായി മാറി. സൈബറിടത്തിൽതന്നെ പുതിയ പൊതുമണ്ഡലങ്ങൾ രൂപപ്പെട്ടു. ഇലക്ട്രോണിക് കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയവ സമൂഹത്തിൽ പുതിയൊരു ക്രമം തന്നെ സൃഷ്ടിച്ചു. പരസ്പരാശയത്തിന്റെ വേഗതയും സാധ്യതയും ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

3.1 ഇന്റർനെറ്റ്, മൊബൈൽ ഫോൺ – വളർച്ചാചരിത്രം, കാലികപ്രസക്തി

3.2 സൈബർ സ്പെയ്സ്, സൈബർ ഭാഷനിർവചനങ്ങൾ, സാഹിത്യനിർവചനങ്ങൾ, ആപ്ലിക്കേഷനുകളുടെ പ്രസക്തി.

3.3 യൂട്യൂബ്, ഫേയ്സ്ബുക്ക്, ബ്ലോഗ്, വാട്ട്സ് ആപ്പ്, വിക്കിപീഡിയ- ആഗോളസമൂഹത്തിൽ ചെലുത്തിയ സ്വാധീനം.

3.4 സൈബർ ആധുനികത – പോസ്റ്റ്ഹ്യൂമൻ, മാധ്യമ സംലയനം, ഗ്ലോക്കലൈസേഷൻ, ഓൺലൈൻ വിപണി.

**അനുബന്ധ വായന**

മൊബൈൽ ഫോൺ: സംസ്കാരനിർമ്മിതിയുടെ നവമാധ്യമം – ബിനു സച്ചിവോത്തമപുരം

നവമാധ്യമപഠനങ്ങൾ – (എഡിറ്റേഴ്സ്) എ.എം. ശ്രീധരൻ, കെ. ബാലചന്ദ്രൻ

സൈബർ ആധുനികതരമലയാളം – ജോസ് കെ. മാനുവൽ

## യൂണിറ്റ് 4

സൈബർ മാധ്യമകേന്ദ്രീകൃതമായ വർത്തമാനകാല കേരളത്തെയും സൈബർ വത്ക്കരണത്തിന് വിധേയമായ മലയാള ഭാഷയും സാഹിത്യവും കലയുമാണ് ഈ മൊഡ്യൂളിൽ വിശകലന വിധേയമാക്കുന്നത്.കേരളത്തിലെ ഓൺലൈൻ വിപണി, കേരളീയരുടെ ശ്രദ്ധേയമായ സൈബർ പൊതുമണ്ഡലങ്ങൾ, സൈബറിടത്തിലെ പ്രതികരണങ്ങൾ, പ്രതിഷേധങ്ങൾ തുടങ്ങിയവയും പാഠ വിധേയമാക്കുന്നു. സൈബർ ഭാഷ, സൈബർ സാഹിത്യം, സൈബർ എഴുത്ത്, സൈബർ വായന, കേരളീയ പശ്ചാത്തലം.

4.1 മലയാള വെബ്സൈറ്റുകൾ, ഓൺലൈൻ വിജ്ഞാന കോശം, ഓൺലൈൻ പത്രങ്ങൾ, ആപ്ലിക്കേഷനുകൾ.

4.2 മലയാളത്തിലെ ബ്ലോഗുകൾ– കവിതകൾ, കഥകൾ, പ്രവാസസാഹിത്യം, സ്ത്രീപക്ഷരചനകൾ.

4.3 ഫേയ്സ്ബുക്ക്, യൂട്യൂബ്, വാട്ട്സ് ആപ്പ്, ടെലഗ്രാം, മെസഞ്ചർ- ട്രോളുകൾ, ദൃശ്യാഖ്യാനങ്ങൾ - ഇവയിലെ മലയാളസാന്നിദ്ധ്യം.

**അനുബന്ധ വായന**

മലയാള സൈബർ സാഹിത്യം - മനോജ് ജെ. പാലക്കുടി

സൈബർ ആധുനികത ; സംവാദം സംസ്കാരം, സംലയനം - ജോസ് കെ. മാനുവൽ.

**സഹായഗ്രന്ഥങ്ങൾ**


അച്യുത് ശങ്കർ എസ് നായർ, 2009, ഗൂഗോളവൽക്കരണം. പ്രിയദർശിനി പബ്ലിക്കേഷൻസ് സൊസൈറ്റി, തിരുവനന്തപുരം

ആദർശ് വി.കെ., ഇനി വായന, ഇ-വായന, ഡി.സി. ബുക്സ്, കോട്ടയം

ജയ്സൺ ജോസ്. 2020, ആധുനികതാവാദസാഹിത്യവും മലയാള വിമർശനവും, കേരള ഭാഷാ ഇൻസ്റ്റ്യൂട്ട്, തിരുവനന്തപുരം

ജോസ് കെ മാനുവൽ (എഡി.)2014, നവമാധ്യമങ്ങൾ : ഭാഷ സാഹിത്യം സംസ്കാരം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം.

ജോസ് കെ മാനുവൽ, 2019, സൈബർ ആധുനികത : സംവാദം സംസ്കാരം സംലയനം. ടെൺ ബുക്സ്, കോട്ടയം.

ജോസ് കെ മാനുവൽ, 2019, സൈബർ ആധുനികത @മലയാളം. ടെൺ ബുക്സ്, കോട്ടയം.

ബിനു സചിവോത്തമപുരം, 2017, മൊബൈൽ ഫോൺ സംസ്കാര നിർമിതിയുടെ നവമാധ്യമം, കേരള ഭാഷാ ഇൻസ്റ്റ്യൂട്ട്, തിരുവനന്തപുരം.

മനോജ് ജെ പാലക്കുടി. 2018, മലയാള സൈബർ സാഹിത്യം. ഗ്രീൻ ബുക്സ്, തൃശ്ശൂർ

രാമകൃഷ്ണപ്പിള്ള,സ്വദേശാഭിമാനി.1984: വൃത്താന്തപത്രപ്രവർത്തനം. കേരളപ്രസ് അക്കാദമി, കൊച്ചി.

ശ്രീജൻ വിസി 1999, ആധുനികോത്തരം : വികലനവും വിമർശനവും, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

ശ്രീധരൻ, എ. എം, ബാലചന്ദ്രൻ, കെ(എഡി.), 2015, നവമാധ്യമപാഠങ്ങൾ. സമയം പബ്ലിക്കേഷൻസ്, കണ്ണൂർ.

സന്തോഷ്കുമാർ, ടി കെ. 2014, മലയാള ടെലിവിഷൻ ചരിത്രം. കേരള പ്രസ് അക്കാദമി, കൊച്ചി.

സുനിത ടി.വി. (എഡി.), സൈബർ മലയാളം, കറന്റ് ബുക്സ്, തൃശൂർ.

മുരളി കൃഷ്ണ, സിനിമ വീഡിയോ ടെക്നിക്

വിളനിലം, ജെ.വി., മാസ് കമ്മ്യൂണിക്കേഷൻ ബേസിക്സ്

ബിമിനിത്, നവമാധ്യമങ്ങളുടെ പുതിയ ആകാശങ്ങൾ

പ്രിയദർശനൻ ജി., കേരള പത്രപ്രവർത്തനം സുവർണാദ്ധ്യായങ്ങൾ

ചന്ദ്രശേഖർ എ., വ്യാജവാർത്തയും ജനാധിപത്യവും, ഇന്ത്യയിലെ പത്രവിപ്ലവം:മുതലാളിത്തം, രാഷ്ട്രീയം

പുതുപ്പള്ളി രാഘവൻ, കേരളപത്രപ്രവർത്തന ചരിത്രം

അച്യുത്ശങ്കർ എസ്. നായർ, ഗൂഗോളവൽക്കരണം

പരമന രാമചന്ദ്രൻ നായർ (എഡി.), മാധ്യമപഠനങ്ങൾ

കെ. കുഞ്ഞികൃഷ്ണൻ, ടെലിവിഷനും സമൂഹവും

Alan Kirby, 2009, Digimodernism : How New Technologies Dismantle the Postmodern and Reconfigure Our Culture, Continuum, New York.

David Crystal, 2001, Language and the Internet. Cambridge University Press, Cambridge.

David Crystal, 2011, Internet Linguistics. Routledge, London and New York.

Henry Jenkins, 2006, Convergence Culture : Where Old and New Media Collide, New York University Press, New York.

Katherine Hagles, K., How we became Posthuman :Virtual Bodies in Cybernetics, Literature and Informatics. The University of Chicago Press, Chicago.

Manuel Castells and Donna Haraway, 2007, Cyber culture Theorists, Routledge, London.

Ray Siemens and Susan Schreibman, 2013, A Companion to Digital Literary Studies. Blackwell Publishing Ltd, West Sussex.

**Course Outcome**: At the end of the course the student will be able to

| CO | CO Statement | PO | PSO | CL | KC | Lecture / Tutorial Hrs |
|---|---|---|---|---|---|---|
| CO1 | അച്ചടി, റിക്കാർഡിങ്, റേഡിയോ എന്നിവയുടെ ആവിർഭാവവും വളർച്ചയും മനസ്സിലാക്കുന്നു. | PO2 | PSO2 | U | F,C | 12 |
| CO2 | പത്രമാസികകളെയും അതുവഴിയുണ്ടായി അറിവിന്റെ വ്യാപനത്തെയും തിരിച്ചറിയുന്നു. | PO1 | PSO3 | U | F,C | 12 |
| CO3 | മാധ്യമങ്ങൾ കേരളീയസമൂഹത്തിൽ ചെലുത്തിയ സ്വാധീനത്തെ വിലയിരുത്താനുള്ള ശേഷി കൈവരിക്കുന്നു. | PO4 | PSO2 | U An | C | 10 |
| CO4 | കേരളത്തിലെ ടെലിവിഷൻചരിത്രത്തെ കുറിച്ചുള്ള ധാരണ ആഴപ്പെടുത്തുന്നു. | PO3,4 | PSO3 | An | C | 13 |
| CO5 | കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും വരവ്, ആഗോളവത്ക്കരണം, മൊബൈൽ ഫോൺ എന്നിവയെ സംബന്ധിച്ച ധാരണ വിപുലപ്പെടുത്തുന്നു. | PO2, 3 | PSO3 | U, An | C | 12 |
| CO6 | സൈബർ സ്പെയ്സ്, സൈബർ ആധുനികത, ഗ്ലോക്കലൈസേഷൻ എന്നീ സങ്കല്പനങ്ങൾ മനസ്സിലാക്കുന്നു. | PO2 | PSO2,3 | U | An, C | 13 |

Cognitive Levels: R—Remember U—Understand, An—Analyze, Ap—Apply, E—Evaluate
Knowledge Category: F—Factual, C—Conceptual

| | |
|---|---|
| **Teaching and Learning Approach** | **Classroom Procedure (Mode of transaction)**<br><br>Direct Instruction: Brain storming lectures, E-learning, interactive session, Seminar, Library work, Group discussion, Presentation by individual student |
| **Assessment Types** | **Mode of Assessment**<br>1. Continuous Internal Assessment (CIA)<br>2. Internal Test<br>3. Review Literature / Assignment<br>4. Seminar Presentation<br>5. End Semester examination |

| | |
|---|---|
| | **MAHATMA GANDHI UNIVERSITY** |
| | **Name of course : സിനിമ: സാഹിത്യവും സമൂഹവും** |

**School Name** : **School of Letters**

**Programme** : **M.A. Malayalam**

**Course Name** : സിനിമ: സാഹിത്യവും സമൂഹവും

**Type of Course** : **Elective (open course)**

**Course Code** : **LEM21O93**

**Names of Academic Staff & Qualifications : Dr. Aju K. Narayanan, M.A., Ph.D.**

**Course Summary & Justification:** സിനിമയെ സാഹിത്യത്തോടും സമൂഹത്തോടും ബന്ധിപ്പിച്ചുകൊണ്ട് മനസ്സിലാക്കാനും അതിനെ വിമർശബുദ്ധിയോടെ സമീപിക്കുവാനുമുള്ള ശേഷി രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ള കോഴ്സാണിത്. സിനിമയാണ് ഇവിടുത്തെ പ്രഥമാകരം. ഭാഷാ-സാഹിത്യ-സംസ്കാരപഠനങ്ങൾക്ക് സിനിമയെ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന പര്യാലോചന ഇവിടെയുണ്ട്. അതിനാൽത്തന്നെ സിനിമയുടെ ചരിത്രം, വളർച്ച, പരിണാമഗതികൾ, ജനുസ്സുകൾ, സൈദ്ധാന്തികപരിപ്രേക്ഷ്യങ്ങൾ എന്നിവയുടെ സാമാന്യപരിചയം കോഴ്സിന്റെ അടിയടരാകുന്നു. ഇവയുടെ ജ്ഞാനവെളിച്ചത്തിലാവണം മാതൃകകൾ എന്ന നിലയിൽ നിർദ്ദേശിച്ചിരിക്കുന്ന സിനിമകളുടെ കാഴ്ചയും വിശകലനവും.

**Semester** : 3

| **Total Student LearningTime (SLT)** | Learning Approach | Lecture | Tutorial | Practical | Others | Total Learning Hours |
|---|---|---|---|---|---|---|
| | Analytical<br>Theoretical<br>Interpretive<br>Evaluative<br>Critical | 54 | 18 | - | - | 72 |

# സിനിമ: സാഹിത്യവും സമൂഹവും

**ആമുഖം**

പാശ്ചാത്യ ആധുനികതയുടെ ഫലമായി ഉദയംകൊണ്ട 'ചലച്ചിത്രം' എന്ന ശാസ്ത്രോല്പന്നം വളരെ പെട്ടെന്നാണ് ഉദാത്ത കലാമാധ്യമമായി മാറിത്തീർന്നത്. സാമൂഹ്യ പൊതുമണ്ഡലരൂപീകരണത്തിന് അടിസ്ഥാനമായിത്തീർന്ന ആദ്യത്തെ കലാവ്യവഹാരമത്രേ ചലച്ചിത്രം. മനുഷ്യസമൂഹത്തെ വൈചാരികമായും വൈകാരികമായും സ്വാധീനിക്കുന്നതിൽ സിനിമ വഹിക്കുന്ന പങ്ക് ചെറുതല്ല. ഒരു സാംസ്കാരികവസ്തു (cultural artifact) എന്ന നിലയിലാണ് ചലച്ചിത്രത്തെ പണ്ഡിതർ ഇന്നു നോക്കിക്കാണുന്നത്. ഇവിടെയാണ് ചലച്ചിത്രപഠന(Film Studies)ത്തിന്റെ പ്രസക്തി. നിരവധി പഠനസമ്പ്രദായങ്ങൾ ഉള്ളടങ്ങുന്ന ഒരു ബൃഹത്മേഖലയാണ് ചലച്ചിത്രപഠനം. സിനിമാനിർമ്മാണപഠനം മുതൽ സിനിമാനിരൂപണംവരെ ഈ ജ്ഞാനപദ്ധതിയുടെ ഭാഗമാണ്.

സിനിമയെ സാഹിത്യത്തോടും സമൂഹത്തോടും ബന്ധിപ്പിച്ചുകൊണ്ട് മനസ്സിലാക്കാനും അതിനെ വിമർശബുദ്ധിയോടെ സമീപിക്കുവാനുമുള്ള ശേഷി രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ള കോഴ്സാണിത്. സിനിമയാണ് ഇവിടുത്തെ പ്രഥമാകരം. ഭാഷാ-സാഹിത്യ-സാംസ്കാരപഠനങ്ങൾക്ക് സിനിമയെ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന പര്യാലോചന ഇവിടെയുണ്ട്. അതിനാൽത്തന്നെ സിനിമയുടെ ചരിത്രം, വളർച്ച, പരിണാമഗതികൾ, ജനുസ്സുകൾ, സൈദ്ധാന്തികപരിപ്രേക്ഷ്യങ്ങൾ എന്നിവയുടെ സാമാന്യപരിചയം കോഴ്സിന്റെ അടിയടരാകുന്നു. ഇവയുടെ ജ്ഞാനവെളിച്ചത്തിലാവണം മാതൃകകൾ എന്ന നിലയിൽ നിർദ്ദേശിച്ചിരിക്കുന്ന സിനിമകളുടെ കാഴ്ച്ചയും വിശകലനവും. ചലച്ചിത്രത്തിന്റെ ലാവണ്യശാസ്ത്രം (poetics), സാഹിതീയത (literariness), പ്രത്യയശാസ്ത്രം (politics) എന്നിവ ചർച്ചയുടെ കേന്ദ്രങ്ങളാവണം.

*യൂണിറ്റ് 1 :* **സിനിമയുടെ ചരിത്രം**

പാശ്ചാത്യ ആധുനികത - വിജ്ഞാനവിസ്ഫോടനം - നവീന ശാസ്ത്രശാഖകൾ - ശാസ്ത്രോല്പന്നം എന്ന നിലയിൽ സിനിമയുടെ ആവിർഭാവം - ചലച്ചിത്രം എന്ന കലാവസ്തു - ല്യൂമിയർ സഹോദരന്മാർ - നിശ്ശബ്ദസിനിമ - ശബ്ദസിനിമ- മിസ് എൻ സീൻ/മൊണ്ടാഷ്- ഡി.ഡബ്ല്യു. ഗ്രിഫിത്ത് - ചാർളി ചാപ്ലിൻ - ഐസൻസ്റ്റൈൻ - ആൽഫ്രഡ് ഹിച്ച്കോക്ക് - ആൻദ്രേ ബസീൻ - ത്രൂഫോ - ഗൊദാർദ് - നിയോറിയലിസം - ഏഷ്യൻസിനിമ: ജപ്പാൻ, ഇറാൻ, കൊറിയൻ സിനിമകൾ - ഇന്ത്യൻസിനിമ: ചരിത്രം, വർത്തമാനം - മലയാളസിനിമ: ഉദയം, വളർച്ച

***അധ്യയനസൂചന:***

1. ഒന്നാം മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാഠസൂചനകളുടെ സാമാന്യമായ അവലോകനമാണ് ലക്ഷ്യമിടുന്നത്. ലോക/ഇന്ത്യൻ/മലയാളസിനിമകളുടെ ചരിത്രം അവതരിപ്പിക്കുന്ന മലയാളം, ഇംഗ്ലീഷ് പുസ്തകങ്ങൾ റെഫറൻസിനായി ഉപയോഗിക്കാം.

2. ശാസ്ത്രോല്പന്നം എന്ന നിലയിൽ ഉദയംകൊണ്ട ചലച്ചിത്രം, ക്രമേണ കലാവസ്തുവായി പരിണമിക്കുന്നതിന്റെ ചരിത്രഗതിവിഗതികളിൽ ശ്രദ്ധയൂന്നണം.

3. ചലച്ചിത്രമാധ്യമത്തിന്റെ വ്യാകരണരൂപീകരണം ചർച്ച ചെയ്യണം.

## *യൂണിറ്റ് 2 :* ചലച്ചിത്രരൂപങ്ങൾ, ജനുസ്സുകൾ

ഡോക്യുമെന്ററി സിനിമ - ഡോക്യു ഫിക്ഷൻ - ഫിക്ഷൻ/ഫീച്ചർസിനിമ - ഫോക് ലോർ സിനിമ - ഹ്രസ്വ സിനിമ - ടെലി ഫിലിം - പരസ്യസിനിമ - സിഗ്നേച്ചർ ഫിലിം - അനിമേഷൻ സിനിമ - കാർട്ടൂൺ സിനിമ - മൊഴിമാറ്റ സിനിമ - റീമേക്ക് സിനിമ - വെബ് സീരീസ്-

ഫീച്ചർസിനിമാജനുസ്സുകൾ: ആക്ഷൻ, അഡ്വെഞ്ചർ, കോമഡി, ത്രില്ലർ, ക്രൈം, ഫാന്റസി, ഹൊറർ, സയൻസ് ഫിക്ഷൻ, ഹിസ്റ്റോറിക്കൽ സിനിമ, ബയോപിക്/ ജീവചരിത്രസിനിമ

***അധ്യയനസൂചന:***

1. വ്യത്യസ്ത ചലച്ചിത്രരൂപങ്ങളെയും ജനുസ്സുകളെയും കുറിച്ചുള്ള ചർച്ച വിവിധ മാതൃകകളെ മുൻനിർത്തിയാവണം. രൂപ(form)വും മാധ്യമ(medium)വും എങ്ങനെയാണ് അർത്ഥനിർമ്മിതിയിൽ സവിശേഷഘടകങ്ങളായി പ്രവർത്തിക്കുന്നത് എന്നു പര്യാലോചിക്കണം.

2. വിവിധ ചലച്ചിത്രജനുസ്സുകളുടെ സൗന്ദര്യശാസ്ത്രത്തിൽ ശ്രദ്ധയൂന്നണം.

## *യൂണിറ്റ് 3 :* സിനിമയും സാഹിത്യവും

(1) സിനിമയും സാഹിത്യവും തമ്മിലുള്ള ബന്ധം - അനുവർത്തനം/ അനുകല്പനം(adaptation)- ജെഫ്രി വാഗ്നർ, ബസീൻ, വെർജീനിയ വൂൾഫ്, ഹെമിംഗ്‌വേ, വാച്ചൽ ലിൻഡ്സേ, ജോർജ് ലിൻഡൻ, അലൻ റെനെ, ജോയ് ഗൗൾഡ് ബോ, ജോർജ്ജ് മെലീസ്, അടൂർ ഗോപാലകൃഷ്ണൻ എന്നിവരുടെ നിരീക്ഷണങ്ങൾ - ചിഹ്നാന്തരവിവർത്തനം (Intersemiotic Translation)/റോമൻ യാക്കോബ്സൻ - സാഹിത്യകൃതികളെ അവലംബിച്ചുണ്ടായ വിദേശസിനിമകൾ, ഇന്ത്യൻസിനിമകൾ, മലയാളസിനിമകൾ - മാധ്യമക്കൈമാറ്റത്തിന്റെ സൗന്ദര്യശാസ്ത്രം, പ്രത്യയശാസ്ത്രം -

(2) *പഥേർ പാഞ്ചലി, വിധേയൻ* എന്നീ സിനിമകളുടെ സൂക്ഷ്മകാഴ്ച്ചയും വിശകലനവും

***അധ്യയനസൂചന:***

1. മൊഡ്യൂൾ 3-ലെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൂചനകൾ സാമാന്യമായി മനസ്സിലാക്കുക.

2. *പഥേർ പാഞ്ചലി, വിധേയൻ* എന്നീ സിനിമകളുടെ സവിശേഷകാഴ്ച്ചയും വിശകലനവുമാണ് ലക്ഷ്യമിടുന്നത്. ഈ സിനിമകളുടെ വിവിധങ്ങളായ അർത്ഥപ്രതലങ്ങളെ മുൻനിർത്തിയുള്ള ചർച്ചയുണ്ടാവണം.

3. സിനിമയും സാഹിത്യവും തമ്മിലുള്ള കൊള്ളൽക്കൊടുക്കൽ ചർച്ചയുടെ കേന്ദ്രമാക്കി വികസിപ്പിക്കണം.

## *യൂണിറ്റ് 4 :* സിനിമയും സമൂഹവും

(1) സിനിമയിൽ നിഴലിക്കുന്ന സമൂഹം - ബിംബ/പ്രതിബിംബങ്ങൾ - വെള്ളിത്തിരയിലെ പ്രതിനിധാനങ്ങൾ - സിനിമയും പ്രത്യയശാസ്ത്രവും - സിനിമയും ലിംഗപദവിയും - സിനിമയും കീഴാളതയും - സിനിമ എന്ന വ്യവഹാരം (discourse) - സിനിമ എന്ന ചിഹ്നഘടന - സിനിമ എന്ന സംവേദനവ്യവസ്ഥ -

സിനിമയുടെ ശീർഷകം/ പോസ്റ്റർ, സിനിമയിലെ നിറങ്ങൾ, പാട്ടുകൾ, ഫ്രെയി മിംഗ്, കോമ്പോസിഷൻ, സംഗീതം/ഗാനം, വസ്ത്രം തുടങ്ങിയ ഉല്പാദിപ്പിക്കുന്ന സാംസ്കാരിക അർത്ഥങ്ങൾ – ജനപ്രിയസിനിമ/ഗൗരവസിനിമ – ബദൽ സിനി മകൾ: സ്ത്രീ/കീഴാള/ദലിത് സിനിമകൾ

(2) നാഗരാജ് മഞ്ജുള സംവിധാനം ചെയ്ത *ഫാൻഡ്രി* എന്ന മറാഠിസിനിമയുടെ സവിശേഷകാഴ്ച്ചയും വിശകലനവും

***അധ്യയനസൂചന:***

1. സിനിമയെ നിരൂപണം ചെയ്യാനുള്ള സാമഗ്രികകളും സൈദ്ധാന്തികസമീക്ഷകളും ലഭ്യമാകുന്ന തരത്തിലുള്ള മാതൃകാപഠനങ്ങൾ പരിചയപ്പെടണം. കേവലമായ ചലച്ചി ത്രാസ്വാദനത്തിൽനിന്നുപരിയായി സംസ്കാരപഠനം (Cultural Studies) തുറന്നുതരുന്ന സാധ്യതകൾ പിൻപറ്റിക്കൊണ്ട് സിനിമയെ കാണാനും വിശകലനം ചെയ്യാനുമുള്ള പരിശ്രമമുണ്ടാവണം.

2. പ്രതിനിധാനം (representation), പ്രത്യയശാസ്ത്രം (ideology), ലിംഗപദവി (gender), കർത്തൃത്വം (subjectivity), തന്മ/സ്വത്വം (identity), കീഴാളത (subalternity), അധികാരം (power), ദേശീയത (nationality), ജാതി (caste) എന്നീ താക്കോൽ സങ്കല്പനങ്ങൾ ചർച്ചചെയ്യണം.

3. ചിഹ്നവിജ്ഞാനം (Semiotics) എന്ന ജ്ഞാനമേഖല സാമാന്യമായി പരിചയപ്പെടുക.

**ഗ്രന്ഥസൂചി**


| | | |
|---|---|---|
| അജു കെ. നാരായണൻ | 2020 | *ചുമരെഴുത്തുകൾ: കല, സാഹിത്യം, സംസ്കാരം*, എസ്.പി. സി.എസ്., കോട്ടയം. |
| അജു കെ. നാരായണൻ, ചെറി ജേക്കബ് കെ. | 2015 | *സിനിമ മുതൽ സിനിമ വരെ*, എസ്.പി.സി.എസ്., കോട്ടയം. |
| അരവിന്ദൻ വല്ലച്ചിറ | 2010 | *തിരക്കഥ : സിനിമയുടെ ബ്ലൂപ്രിന്റ്* എസ്.പി.സി.എസ്., കോട്ടയം. |
| ഗോപാലകൃഷ്ണൻ, അടൂർ | 1988 | *സിനിമയുടെ ലോകം*, മാതൃഭൂമി, കോഴിക്കോട്. |
| ഗോപാലകൃഷ്ണൻ.ചേലങ്ങാട്ട് | 2013 | *ലോകസിനിമയുടെ ചരിത്രം*, കറന്റ് ബുക്സ്, തൃശൂർ |
| ഗോപിനാഥൻ, കെ. | 1996: | *സ്ത്രീവാദവും മലയാളസിനിമയും*, സാഹിത്യലോകം, ജനു വരി-ഫെബ്രുവരി, |
| ഗോവിന്ദപ്പിള്ള, പി. | 2010 | *സാംസ്കാരികപഠനങ്ങൾ, സംസ്കാരവും നവോത്ഥാനവും*, ചിന്താ പബ്ലിഷേഴ്സ്. |
| ചന്ദ്രൻ, കെ.കെ. | 2008: | *ഒരു സിനിമ എങ്ങനെ ഉണ്ടാകുന്നു*, ചിന്ത, തിരുവനന്തപുരം. |
| ജയകുമാർ കെ.പി. | 2012 | *ജാതിവ്യവസ്ഥയും മലയാളസിനിമയും*, ഒലിവ്, കോഴിക്കോട്. |
| ജിതേഷ്, ടി. | 2009 | *സിനിമയുടെ വ്യാകരണം*, ഒലിവ് ബുക്സ്, കോഴിക്കോട്. |
| ജോസ് കെ. മാനുവൽ | 2004 | *സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും*, കറന്റ് ബുക്സ്, കോട്ടയം |
| ജോസ് കെ. മാനുവൽ | 2012 | *ന്യൂ ജനറേഷൻ സിനിമ*, ഡി.സി.ബുക്സ്, കോട്ടയം |
| തങ്കമ്മ ബി (എഡി.) | 1995 | *മലയാളസിനിമ 1928–1995*, പബ്ലിക് റിലേഷൻസ് വകുപ്പ്. |
| ദിവാകരൻ,ആർ.വി.എം. | 2005 | കഥയും തിരക്കഥയും, ഒലിവ് ബുക്സ്, കോഴിക്കോട്. |
| | 2008 | *മലയാളതിരക്കഥ: വളർച്ചയും വർത്തമാനവും*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം |
| പന്മന രാമചന്ദ്രൻനായർ(എഡി.) | 2008 | ചലച്ചിത്രപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം |
| മധു ഇറവങ്കര | 1999 | മലയാളസിനിമയും സാഹിത്യവും, ഡി.സി. ബുക്സ്,കോട്ടയം. |
| മലയാളപഠനസംഘം | 2006 | *സംസ്കാരപഠനം: ചരിത്രം, സിദ്ധാന്തം, പ്രയോഗം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. |
| രവീന്ദ്രൻ, പി.പി. | 2002 | *സംസ്കാരപഠനം ഒരാമുഖം*, ഡി.സി.ബുക്സ്, കോട്ടയം |

രാധാകൃഷ്ണൻ, പി.എസ്. 2010 *ചരിത്രവും ചലച്ചിത്രവും: ദേശ്യഭാവനയുടെ ഹർഷമൂല്യങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

രാധാകൃഷ്ണൻ, പി.എസ്. 2013 *ദൃശ്യഹർഷത്തിന്റെ സമയരേഖകൾ*, എസ്.പി.സി.എസ്. കോട്ടയം.

രാമചന്ദ്രൻ ജി. പി 1998 *സിനിമയും മലയാളിയുടെ ജീവിതവും*, എസ്.പി.സി.എസ് കോട്ടയം.

രാമൻകുട്ടി, കെ.പി. 1989 *ആധുനിക മലയാളസിനിമ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

വിജയകൃഷ്ണൻ 2007 *മലയാളസിനിമയുടെ കഥ*, മാതൃഭൂമി, കോഴിക്കോട്.

വെങ്കിടേശ്വരൻ,സി.എസ് 2011 *മലയാളസിനമാപഠനങ്ങൾ*,ഡി.സി. ബുക്സ്, കോട്ടയം.

ശശി കെ.വി (എഡി.) 2012 *മലയാളചലച്ചിത്രഗാനം: കാമന, ശരീരം, ദേശം*, എസ്.പി.സി.എസ് കോട്ടയം.

ഷാജി ജേക്കബ് 2009 *ജനപ്രിയസംസ്കാരം: ചരിത്രവും സിദ്ധാന്തവും*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

സദാനന്ദൻ, പി.ജി. 2006 *സിനിമയുടെ നീതിസാരം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

സ്കറിയാ സക്കറിയ 2001 *സമകാലിക സംസ്കാരപഠനം ഒരു മുഖവുര*, മതവും ചിന്തയും, മെയ്-ജൂൺ

സജീഷ്, എൻ.പി 2007 *തിരമലയാളത്തിന്റെ അവസ്ഥാന്തരങ്ങൾ*,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഹാരിസ്, വി.സി., അജു കെ. നാരായണൻ 2014 *ചെക്കേറ്റും ക്രാപ്പും കുറുപ്പും (നാടകം, തിരക്കഥ)*, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

Anderson, B 1991 *Imagined Communities: Reflections on the Origin and Spread of Nationalism*, Verso,London.

Appadurai, Arjun(Ed) 1995 *The Social Life of Things:Commodities in Cultural Perspectives.*

Baudrillard, Jean 1981 *Simulacra and Simulation*, Michigan, University of Michigan Press

Barker, Chris, 2002 *Making Sense of Cultural Studies,* Sage, London.

Barthes, Roland 1978 'The Third Meaning', *Image Music Text*, New York, Hill and Wang.

Bazin, Andre 1971 *What is Cinema?*,Vol 1, Berkley, University of California Press

Bhuba, H., 1994 *The Location of Culture*, Routledge, London.

Brian Price (Eds.) 2006 *Colour: The Film Reader,* New York, Routledge.

Chidananda Dasgupta 1981 Talking about Films, Orient BlackSwan

Church Gibson (eds) 1998 *The Oxford Guide to Film Studies*, Oxford University Press, Oxford.

Deleuze, Gilles 1989 *Cinema 2: The Time-Image*, Univ. Minnesota Press.

Daniel Arijon, 1991 *Grammar of the Film Language*, Silman-James Press,U.S.

Dudley Andrew,J. 1984 Concepts in Film Theory

Eco Umberto, 1999 'How to Play Indians' in *Movies*, (Ed.) Gilbert Adair, London, Penguin.

Hall, Garry & Clare Birchall(eds) 2006 *New Cultural Studies: Adventures in Theory,* Edinburgh University Press, Edinburgh.

Hall, Sturt, 1981 *Encoding/Decoding* in S.Hall(etal), Culture Media Language,

| | | |
|---|---|---|
| | | Hutchimson, London. |
| Hall, Stuart (ed.) | 1997 | *Representation: Cultural Representations and Signifying Practices*, Sage, London. |
| Harris, V.C. | 2010 | 'Engendering Popular Cinema in Malayalam' in Meena T.Pillai (Ed.), *Women in Malayalam Cinema: Naturalising Gender Hierarchies*, Orient Blackswan, New Delhi. |
| Madhav Prasad, M. | 1999 | 'Cine-Politics: On the Political Significance of Cinema in South India', *Journal of the Moving Image*, January |
| Mulvey, Laura | 1994 | *Visual and Other Pleasures (Language, Discourse, Society)*, Palgrave Macmillan, London. |
| Raj Mariasusai | 2016 | *World Cinema: A Celebration*, Hay House |
| Ramachandran, T. M. | 1985 | *70 years of Indian cinema*, Bombay, India International. |
| Renu Saran | 2012 | *History of Indian Cinema*, Diamond Books. |
| Salmi, Hannu | 1995 | *Film as Historical Narrative* in Film-Historia,Vol. V |
| Story, John(ed), | 1996 | *What is Cultural Studies*, Arnold, London. |
| Storey, John | 2001 | *Cultural Theory and Popular Culture. An Introduction*, Pearson, London |
| Susan Hayward | 2000 | Cinema studies: The Key Concepts |
| Williams, Raymond | 1983 | *Key Words*, Fontana, London. |
| Williams, Raymond, | 1981 | *Culture, Fontana*, London. |
| Williams, Raymond | 1959 | *Culture and Society*, Fontana, London. |


| | |
|---|---|
| **Teaching and Learning Approach** | **Classroom Procedure (Mode of transaction)**<br>Direct Instruction: Brain storming lectures, E-learning, Film Screening, Interactive Session, Seminar, Library work, Group discussion, Presentation by individual student |
| **Assessment Types** | **Mode of Assessment**<br>1. Continuous Internal Assessment (CIA)<br>2. Internal Test<br>3. Review Literature / Assignment<br>4. Seminar Presentation<br>5. End Semester examination |

**Course Outcome:** At the end of the course the student will be able to

| CO | CO Statement | PO | PSO | CL | KC | Lecture / Tutorial Hrs |
|---|---|---|---|---|---|---|
| CO1 | പാശ്ചാത്യ ആധുനികതയുടെ ഭാഗമായുണ്ടായ വിജ്ഞാനവിസ്ഫോടനത്തിന്റെ വെളിച്ചത്തിൽ, സിനിമ എന്ന മാധ്യമത്തിന്റെ ഉല്പത്തിയിലേക്കു നയിച്ച പരീക്ഷണനിരീക്ഷണങ്ങൾ തിരിച്ചറിയുന്നു. | 2 | 1, 3 | U | F | 8 |
| CO2 | ലൂമിയർ സഹോദരന്മാർ മുതൽ ഗൊദാർദ് വരെയുള്ളവരുടെ സംഭാവനകൾ മനസ്സിലാക്കുന്നു. | 2, 3 | 1,3 | U, An | F | 8 |
| CO3 | ലോകസിനിമ, ഏഷ്യൻസിനിമ, ഇന്ത്യൻ സിനിമ എന്നിവയെപ്പറ്റി പൊതുധാരണകൾ ആഴപ്പെടുത്തുന്നു. | 2, 3 | 1,3 | U, An | F,C | 8 |
| CO4 | മലയാളസിനിമയുടെ ചരിത്രം, വർത്തമാനം എന്നിവയെപ്പറ്റി സാമാന്യമായ ധാരണ സ്വാംശീകരിക്കുന്നു. | 1, 2, 3 | 1,2, 3 | U, An | F,C | 6 |
| CO5 | വിവിധ ചലച്ചിത്രരൂപങ്ങൾ, ചലച്ചിത്രജനുസ്സുകൾ എന്നിവയെപ്പറ്റി സാമാന്യ പരിജ്ഞാനം ആർജ്ജിക്കുന്നു. | 2, 3 | 1,3 | U, An | F,C | 8 |
| CO6 | സിനിമയും സാഹിത്യവും തമ്മിലുള്ള കൊള്ളൽകൊടുക്കലിന്റെ സൈദ്ധാന്തിക പശ്ചാത്തലം തിരിച്ചറിയുന്നു. | 1, 2, 3 | 1, 3 | U, An Cr | F, C | 8 |
| CO7 | 'പഥേർ പാഞ്ചലി' എന്ന സിനിമയെ ചിഹ്നവിജ്ഞാനം, സമകാലികസംസ്കാരപഠനം, ആഖ്യാനവിജ്ഞാനം എന്നീ ജ്ഞാനശാഖകളുടെ വെളിച്ചത്തിൽ അപഗ്രഥിക്കാനുള്ള ശേഷി കൈവരിക്കുന്നു. | 2,3,4 | 1, 3 | U, An Cr | F, C | 7 |
| CO8 | പ്രതിനിധാനം, പ്രത്യയശാസ്ത്രം, ലിംഗപദവി, കർതൃത്വം, അധികാരം തുടങ്ങിയ സങ്കല്പനങ്ങളെ സൈദ്ധാന്തികമായി മനസ്സിലാക്കുന്നു. | 3 | 1, 3, 4 | U, An | F, C | 6 |
| CO9 | തന്മ/സ്വത്വം, കീഴാളത, ദേശീയത, ജാതി എന്നീ താക്കോൽ സങ്കല്പനങ്ങളെ ഇന്ത്യൻ പശ്ചാത്തലത്തിൽ വിമർശബുദ്ധ്യാ തിരിച്ചറിയുന്നു. | 3 | 1, 3, 4 | U, Cr Ap | F, C | 6 |
| CO10 | 'ഫാൻട്രി' എന്ന സിനിമയുടെ ലാവണ്യശാസ്ത്രവും പ്രത്യയശാസ്ത്രവും തിരിച്ചറിയുന്നു. | 3, 4 | 1, 3, 4 | U, An Cr | F C | 7 |

PO: Programme Outcome PSO: Programme Specific Outcome

Cognitive Levels: R—Remember U—Understand, An—Analyze, Ap—Apply, E—Evaluate

Knowledge Category: F—Factual, C—Conceptual